(ബി) ഉണ്ടെങ്കിൽ അതിലെ വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(സി) ഈ വ്യവസ്ഥകൾക്ക് വിപരീതമായി ആരെങ്കിലും പ്രവർത്തിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) കക്ക ശേഖരിച്ച് വിൽപന നടത്തുന്നതിന് മൈനിംഗ് ലീസ്, ക്വാറിയിംഗ് പെർമിറ്റ്, ക്വാറിയിംഗ് ലീസ് എന്നിവയാണ് നൽകുന്നത്. കക്ക സ്റ്റോറ ക്ക് ചെയ്ത് വിപണനം നടത്തുന്നതിന് ഡീലേഴ്സ് ലൈസൻസും നൽകുന്നുണ്ട്.

(ബി) 1957-ലെ മൈൻസ് ആൻറ് മിനറൽസ് (റെഗുലേഷൻ ആൻറ് ഡവലപ്പ്മെൻറ്) ആക്ടിലേയും 1960-ലെ മിനറൽ കൺസഷൻ ചട്ടങ്ങളിലെയും വ്യവസ്ഥകളനുസരിച്ചാണ് മൈനിംഗ് ലീസ് നൽകുന്നത്. 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ വ്യവസ്ഥ പ്രകാരമാണ് ക്വാറിയിങ് ലീസും, ക്വാറ യിങ് പെർമിറ്റും, ഡീലേഴ്സ് ലൈസൻസും നൽകുന്നത്.

(സി & ഡി) ചട്ടം ലംഘിച്ച് പ്രവർത്തിക്കുന്നവർക്കെതിരെ പരാതി ലഭിക്കുമ്പോൾ നിയമാനുസൃതം വേണ്ട നടപടികൾ യഥാസമയം സ്വീകരിക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

സെലക്ഷൻ ഫെല്ലിംഗിൻെറ മറവിൽ നടക്കുന്ന വനം കൊള്ള

* 71. [72] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെലക്ഷൻ ഫെല്ലിംഗിൻെറ മറവിൽ വനംകൊള്ള നടത്തുന്ന വിവരം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) സെലക്ഷൻ ഫെല്ലിംഗിൻെറ മറവിൽ വനംകൊള്ള നടക്കുന്നതായി ചില പത്രവാർത്തകളും പരാതികളും സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അന്വേഷിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനും ഗൗരവതരമായ ആരോപണങ്ങൾ നേരിട്ട് അന്വേഷിക്കുന്നതിനും മുഖ്യ വന പാലകനെ ചുമതലപ്പെടുത്തി. കുറ്റക്കാരുടെ പേരിൽ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വനഭൂമി അനധികൃതമായി പതിച്ചു കൊടുക്കുന്നു

എന്ന ആക്ഷേപം

* 72. [73] ശ്രീ. നാലകത്തു സൂപ്പി :

,, കൊരമ്പയിൽ അഹമ്മദ് ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനഭൂമി അനധികൃതമായി പതിച്ചു കൊടുക്കുന്നു എന്ന ആക്ഷേപം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ ;

(സി) അന്വേഷണ ഫലമെന്ത് ?

LIBRARY ARCHIVES Kerala Legislative Assembly